# കില
## വാർത്താപത്രിക

VOLUME-10
ISSUE-10
OCTOBER 2017

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




തളിപ്പറമ്പ് നിയോജകമണ്ഡലം സമൃദ്ധി പദ്ധതി ക്ലസ്ററർ കൺവീനർമാർക്കുള്ള ശില്പശാല കണ്ണൂർ ഗവർമ്മെണ്ട് എഞ്ചിനിയറിംഗ് കോളജിൽ മുഖ്യമന്ത്രി **പിണറായി വിജയൻ** ഉദ്ഘാടനം ചെയ്യുന്നു

# വരും തലമുറയ്ക്കുവേണ്ടിയാകണം പ്രകൃതി സംരക്ഷണം:മുഖ്യമന്ത്രി പിണറായി വിജയൻ

**വ**രും തലമുറയ്ക്കു കൈമാറേണ്ടതാണെന്നു ഓർത്തുകൊണ്ടുള്ള പ്രകൃതി സംരക്ഷണമാണ് വേണ്ടതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തളിപ്പറമ്പ് നിയോജകമണ്ഡലം സമൃദ്ധി പദ്ധതി ക്ലസ്ററർ കൺവീനർമാർക്കുള്ള ശില്പശാല കണ്ണൂർ ഗവർമ്മെണ്ട് എഞ്ചിനിയറിംഗ് കോളജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.വരൾച്ചയും മാലിന്യനിർമാർജനവും ഫലപ്രദമായി നേരിടാനുള്ള പദ്ധതികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. വൻ ജനകീയ പങ്കാളിത്തത്തോടെയുള്ള സമൃദ്ധി ഹരിതകേരളം മിഷന്റെ തുടർച്ചയാണ്. ഹരിതകേരളം മിഷന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നത്. 3931 പൊതുകിണർ നിർമ്മിച്ചു. 15,022 കിണർ റീചാർജ് ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിച്ചു.13,247 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 2487 കിലോമീറ്റർ കനാൽ വൃത്തിയാക്കിയെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജെയിംസ് മാത്യു എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഡോ.പി.ജയരാജ്, വി.വി.പ്രകാശൻ, എസ്.സുഗതൻ, യു.ജനാർദ്ദനൻ, എസ്.സജിത്, എസ്.എസ് നാഗേഷ്, എന്നിവർ ക്ലാസ്സെടുത്തു. എം.പി.മാരായ പി.കെ.ശ്രീമതി, കെ.കെ. രാഗേഷ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ്, ആന്തൂർ നഗരസഭ ചെയർമാൻ പി.കെ.ശ്യാമള തുടങ്ങിയവർ പങ്കെടുത്തു.

ഒരു പ്രദേശത്തിന്റെയാകെ സമഗ്രവികസനത്തിനു തദ്ദേശസ്ഥാപനങ്ങളുടെ സജീവ സഹകരണത്തോടെ സമൃദ്ധി പദ്ധതിയിലൂടെ വിജയകരമായി മന്നേറാനാണ് തളിപ്പറമ്പ് മണ്ഡലത്തിന്റെ ശ്രമം. അതിന്റെ ഒരുക്കങ്ങളും പ്രവർത്തനങ്ങളും വിലയിരുത്താനും വരും വർഷങ്ങളിൽ ഏറ്റെടുക്കാനുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യാനുമാണ് ക്ലസ്റ്റർ കൺവീനർമാരുടെ ശില്പശാല സംഘടിപ്പിച്ചത്. മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി രണ്ടായിരം പേരാണ് ശില്പശാലയിൽ പങ്കെടുത്തത്. 2020 നവംബർ ഒന്നിനു മുമ്പായി മണ്ഡലത്തിൽ ജലസുഭിക്ഷത, സമ്പൂർണ മാലിന്യസംസ്കരണം, ജൈവകൃഷി, ഊർജസംരക്ഷണം എന്നിവ ഉറപ്പുവരുത്തി പരമാവധി സുസ്ഥിര ജീവനോപാധി സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. ജനകീയ കൂട്ടായ്മയിലൂടെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ശ്രമം. അധികാരവികേന്ദ്രീകരണത്തിനു ശക്തി പകരുന്ന രീതിയിലാണ് സമൃദ്ധി പദ്ധതിക്കു രൂപം നൽകിയിട്ടുള്ളത്. എം.എൽ.എമാരുടെ പ്രത്യേക വികസനഫണ്ടും ആസ്തി വികസനഫണ്ടും പരമാവധി പ്രയോജപ്പെടുത്തി പ്രാദേശികതലത്തിൽ ഏറ്റവും നല്ല വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കൽ സമൃദ്ധിയുടെ ഭാഗമാണ്.



കമ്പ്യൂട്ടറിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് അട്ടപ്പാടിയിലെ കില കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാർക്കു സംഘടിപ്പിച്ച പരിശീലനം

## അട്ടപ്പാടി കില കേന്ദ്രത്തിൽ പരിശീലനം

കമ്പ്യൂട്ടറിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് മലപ്പുറം, പാലക്കാട് ജില്ലകളിലെ ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാർക്കുള്ള ദ്വിദിന പരിശീലനം അട്ടപ്പാടിയിലെ കില പട്ടിക വർഗ്ഗ വികസന-പ്രകൃതിവിഭവ പരിപാലനകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വേഡ്, ഇന്റർനെറ്റ്, തദ്ദേശസ്ഥാപനങ്ങളും ഇ-സർവീസും തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നല്കി. ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ്സിംഗ്, കോർഡിനേറ്റർ ഹരീഷ് പി.മാണി എന്നിവർക്കു പുറമെ അഗളി മേഖലയിൽനിന്നുള്ള പതിമൂന്ന് റിസോഴ്സ് പേഴ്സൺമാരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.



പകൽ വീടുകളേയും അനുബന്ധ ഇടപെടലുകളേയും കുറിച്ച് കിലയിൽ സംഘടിപ്പിച്ച അനുഭവം പങ്കുവയ്ക്കൽ ശില്പശാല

## പകൽവീടുകളുടെ ഇപ്പോഴത്തെ രീതി മാറണം: ഡോ.എം.പി.പരമേശ്വരൻ

പകൽ വീടുകളുടെ ഇപ്പോഴത്തെ രീതി മാറി മുഴുവൻ സമയം താമസിക്കാവുന്ന സംവിധാനമായി മാറ്റണമെന്നു പ്രശസ്ത സാമൂഹ്യ പ്രവർത്തകൻ ഡോ.എം.പി.പരമേശ്വരൻ അഭിപ്രായപ്പെട്ടു.തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പകൽ വീടുകളേയും അനുബന്ധ ഇടപെടലുകളേയും കുറിച്ച് കിലയിൽ സംഘടിപ്പിച്ച അനുഭവം പങ്കുവയ്ക്കൽ ശില്പശാലയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കുട്ടികൾക്കും മുതിർന്നവരുടെ സാന്നിദ്ധ്യം ആവശ്യമായ കാലഘട്ടമാണിത്. ഓട്ടിസം പോലെയുള്ള രോഗബാധിതരായ കുട്ടികൾക്കും പകൽവീടുകളിൽ സൗകര്യമൊരുക്കണം. പഴയ തലമുറയിലെ കുട്ടികൾക്കു ബാല്യകാലമുണ്ടായിരുന്നുവെങ്കിലും പുതു തലമുറയ്ക്ക് അതില്ല. പഠിപ്പും ട്യൂഷനുമായി രാവിലെ 6 മുതൽ വൈകീട്ട് 6 വരെ കർശനമായി നിയന്ത്രണങ്ങളിൽ കഴിയുകയാണവർ. കുട്ടികളുടെ സാമൂഹ്യവളർച്ചയ്ക്കു ഇതു വലിയ പ്രത്യാഘാതമുണ്ടാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു.

ഡോ.പീറ്റർ എം.രാജ് ആമുഖാവതരണം നടത്തി. തൃശ്ശൂർ മെഡിക്കൽ കോളജ് സൈക്യാട്രി വിഭാഗം പ്രൊഫ. ഡോ.ഷാജി, സാമൂഹ്യ സുരക്ഷാമിഷൻ കോർഡിനേറ്റർ എസ്.ഷാജി, ഹെൽപേജ് ഇന്ത്യ ഡയറക്ടർ ബിജു മാത്യു, ഭാസ്കരൻ പള്ളിക്കര എന്നിവർ സംസാരിച്ചു.

നാദാപുരം, മലയാലപ്പുഴ ഗ്രാമപഞ്ചായത്തുകളും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തും വടക്കാഞ്ചേരി നഗരസഭയും തങ്ങളുടെ പകൽ വീടുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു.പ്രോജക്ടിന്റെ ലഘു ചരിത്രം, വയോജന ജനസംഖ്യാവിവരങ്ങൾ, പകൽ വീടിന്റെ പശ്ചാത്തലസൗകര്യം, വിവിധ സേവനങ്ങൾ, സംഘടനാസംവിധാനം, കൈവരിച്ച നേട്ടങ്ങൾ, തുടർന്നുണ്ടാകാനിടയുള്ള വെല്ലുവിളികൾ തുടങ്ങിയവയെക്കുറിച്ചായിരുന്നു വിവരണം.



തൃശ്ശൂർ ജില്ലയെ വയോജനസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചന ശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി **എസ്.എം വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു

# വയോജന സൗഹൃദജില്ല: കിലയിൽ കൂടിയാലോചനാശില്പശാല

സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട സാമൂഹ്യ-സാമ്പത്തിക വെല്ലുവിളിയാണ് വയോജനങ്ങളുടെ പ്രശ്നമെന്ന് മുൻ ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ്. തൃശ്ശൂർ ജില്ലയെ വയോജനസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച കൂടിയാലോചന ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിൽ 50 ലക്ഷത്തിലേറെ പേർ വയോജനങ്ങളാണ്. അതിൽ 20 ശതമാനം പേർ എൺപതു കഴിഞ്ഞവരുമാണ്. ഇവരെ സഹായിക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്കു മുഖ്യപങ്കുവഹിക്കാൻ കഴിയും. പദ്ധതി വിഹിതമായ 6500 കോടി രൂപയിൽ അഞ്ചുശതമാനം വയോജനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതാണ്. ജനകീയാസൂത്രണത്തിൽ പരിപൂർണ വിജയം നേടിയത് പാലിയേറ്റീവ് കെയറും ബഡ് സ്കൂളുകളുമാണ്. പാഴ്ചെലവുകൾക്കു കൂട്ടുനിൽക്കില്ലെന്ന രാഷ്ട്രീയ തീരുമാനമെടുക്കാൻ ഗ്രാമപഞ്ചായത്തുകൾ തയ്യാറാകണം. തൃശ്ശൂർ വയോജന സൗഹൃദ ജില്ലായാകുമ്പോൾ മറ്റുള്ളവർക്കു അതു മാതൃകയായി തീരണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണവും ജില്ലാകലക്ടർ ഡോ.എ.കൗശികൻ ആശയാവതരണവും നടത്തി. ഡോ.പീറ്റർ എം.രാജ്, ഡോ.കെ.പ്രവീൺലാൽ, ഡോ.കെ.എസ്.ഷാജി, സി.ചന്ദ്രബാബു എന്നിവർ സംസാരിച്ചു. കോസ്റ്റ്ഫോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ടി.ആർ.ചന്ദ്രദത്തും ജില്ലാ പ്ലാനിംഗ് ഓഫിസർ ഗീതയും പങ്കെടുത്തു. ജില്ലാപഞ്ചായത്തും കിലയും കോസ്റ്റ്ഫോഡും സംയുക്തമായാണ് ശില്പശാലയ്ക്കു നേതൃത്വം നൽകിയത്. മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്കു പരിഹാരം കാണുകയാണ് ശില്പശാലയുടെ ലക്ഷ്യം. ജില്ലയിലെ മൊത്തം ജനസംഖ്യയുടെ പതിനഞ്ചുശതമാനം അറുപതു വയസ്സിനു മീതെ പ്രായമുള്ളവരാണെന്നു കണക്കുകൾ വ്യക്തമാക്കുന്നു. തളിക്കുളം ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ കോർപ്പറേഷനിലെ പുതൂർക്കര ഡിവിഷനിലും നടത്തിയ പഠനങ്ങളുടെ പശ്ചാത്തലത്തിൽ ജില്ലയിൽ സാർവത്രികവും ചെലവു കുറഞ്ഞതുമായ വയോജന പരിപാലന പദ്ധതിയാണ് ആസൂത്രണം ചെയ്യുന്നത്. ഭവനസന്ദർശനത്തിലൂടേയും ആരോഗ്യ നിർണയ ക്യാമ്പുകളിലുടേയും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാണ് ശ്രമം. വയോജന അയൽക്കൂട്ടങ്ങൾ, പഞ്ചായത്ത്-നഗരസഭ-കോർപ്പറേഷൻ തലത്തിൽ പരിപാലനകേന്ദ്രങ്ങൾ, ജില്ലാതല വയോജന വിഭവകേന്ദ്രം എന്നീ സംവിധാനങ്ങളിലൂടെ വയോജനപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

## ഗ്രാമീണതൊഴിലുറപ്പുപദ്ധതി: കൊട്ടാരക്കര കില സെന്ററിൽ പരിശീലനം

മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ശാസ്ത്രീയമായ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടി കൊട്ടാരക്കരയിലെ കില സെൻർ ഫോർ ഹ്യുമൻ റിസോഴ്സ് ഡെവലപ്മെന്റിൽ (സി.എ.ച്ച്.ആർ.ഡി) സംഘടിപ്പിച്ചു. നീർത്തടാതിഷ്ഠിത മാസ്റ്റർപ്ലാൻ അനുസരിച്ച് വികസനപദ്ധതികൾ തയ്യാറാക്കുന്നതിനു തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധരെ വാർത്തെടുക്കുകയാണ് പരിശീലനലക്ഷ്യം. ഗ്രാമീണതൊഴിലുറപ്പുപദ്ധതിയിലെ എഞ്ചിനീയർമാർക്കും ഓവർസിയർക്കുമാണ് പരിശീലനം. കില സി.എച്ച്.ആർ.ഡി.കൊട്ടാരക്കര റീജിണൽ ഡയറക്ടർ പി.ജെ.ആന്റണി ഉദ്ഘാടനം ചെയ്തു. ഡോ.ഉമ്മൻ ജോൺ, ഡോ.അമൃതരാജ്, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷ്ണർ സി.എസ്.ലതിക, കോർഡിനേറ്റർ കെ.ദിലീപ്കുമാർ എന്നിവർ സംസാരിച്ചു. ഇടുക്കി ജില്ലയിൽനിന്നുള്ള 51 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പുപദ്ധതി കേരളാമിഷനും കിലയും സംയുക്തമായാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്. കേന്ദ്രഗ്രാമവികസനവകുപ്പിന്റെയും ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെയും സാക്ഷ്യം (ശാക്തീകരണം)പരിപാടിയനുസരിച്ചാണ് പരിശീലനം. തൃശ്ശൂർ കിലയിലെ പരിശീലനപരിപാടി കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കില ലക്ച്ചറർ വിനോദ്കുമാർ, ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ് സിംഗ് എന്നിവർ സംസാരിച്ചു. മണ്ണുത്തി, അഗളി, തളിപ്പറമ്പ് എന്നിവിടങ്ങളിലെ കിലയുടെ കേന്ദ്രങ്ങളിലും ഈ പരിശീലനം ആരംഭിച്ചിട്ടുണ്ട്. 1200 വിദഗ്ദ്ധരെയാണ് ഇതിലൂടെ വാർത്തെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നുത്.



ജനാധിപത്യ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച അന്തർദേശീയ പരിശീലന പരിപാടി

# അധികാരവികേന്ദ്രീകരണം: കിലയിൽ അന്തർദേശീയ പരിശീലനപരിപാടി

ജനാധിപത്യ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് അഞ്ചുദിവസം നീണ്ടുനിന്ന അന്തർദേശീയ പരിശീലന പരിപാടിക്കു കില വേദിയായി. ഇന്ത്യയ്ക്കു പുറമെ അഫ്ഘാനിസ്ഥാൻ, ബംഗ്ലാദേശ്, ഭൂട്ടാൻ, കമ്പോഡിയ, ലാവോസ്, മംഗോളിയ മ്യാൻമർ, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്. കില ഡയറക്ടർ ഡോ.ജോയ് ഇളമണിന്റെ ആമുഖാവതരണത്തോടെയാണ് പരിശീലനപരിപാടി ആരംഭിച്ചത്. കില പ്രൊഫ. ഡോ.സണ്ണി ജോർജ് സ്വാഗതമാശംസിച്ചു. കിലയും ലോഗിൻ ഏഷ്യയും സംയുക്തമായാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്. വിവിധ രാജ്യങ്ങളിലെ പരിശീലന സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉദ്യോഗസ്ഥപ്രമുഖരും പരിശീലനത്തിനെത്തിയവരിലുൾപ്പെടുന്നു.

അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ അനുഭവ പാഠങ്ങളെക്കുറിച്ചു പഠിക്കുകയാണ് പരിശീലനത്തിന്റെ മുഖ്യലക്ഷ്യം. ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനത്തെക്കുറിച്ച് മുൻ കേന്ദ്ര സെക്രട്ടറി എസ്.എസ്. മീനാക്ഷിസുന്ദരത്തിന്റേതായിരുന്നു ആദ്യക്ലാസ്സ്. പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് ഡോ.ജോയ് ഇളമണും കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് ഡോ.ജെ.ബി.രാജനും ധനവികേന്ദ്രീകരണത്തെപ്പറ്റി ഡോ.സണ്ണിജോർജും ക്ലാസ്സെടുത്തു. മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികിഷോർ ഐ.എ.എസ്, കുടുംബശ്രീ നാഷ്ണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സജിത്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. തുളസിഭായ് പത്മനാഭൻ, ഡോ.പീറ്റർ എം.രാജ്, വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ തുടങ്ങിയവരും വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. വിവധ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്താനും സൗകര്യമൊരുക്കിയിരുന്നു. തദ്ദേശഭരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ലോഗിൻ ഏഷ്യ പന്ത്രണ്ട് ഏഷ്യൻ രാജ്യങ്ങൾക്കു പ്രാതിനിധ്യമുള്ള സംഘടനയാണ്.

## നീലേശ്വരം നഗരസഭ സമ്പൂർണ ഇ–ഗവേണൻസിലേക്ക്

**നീ**ലേശ്വരം നഗരസഭ സമ്പൂർണ ഇ-ഗവേണൻസ് നഗരസഭയാക്കുന്നതിന്റെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം കിലയിൽ പൂർത്തിയായി. നഗരസഭ ചെയർമാൻ പ്രൊഫ.കെ.പി.ജയരാജൻ ഉദ്ഘാടനം ചെയ്തു.കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ആമുഖാവതരണം നടത്തി. ഡെപ്യൂട്ടി ചെയർപേഴ്സൺ ഗൗരി, സെക്രട്ടറി അഭിലാഷ് എന്നിവർ സംബന്ധിച്ചു. 29 ജനപ്രതിനിധികളും 22 ഉദ്യോഗസ്ഥരും രണ്ടുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തു. സൂചിക, സകർമ്മ സോഫ്റ്റ് വെയറുകളെ പരിചയപ്പെടുത്തി. ഐ.കെ.എമ്മിന്റെ മറ്റു സോഫ്റ്റ് വെയറുകളിൽ കൂടി പരിശീലനം നൽകി സമ്പൂർണ ഇ-ഗവേണൻസിലൂടെ കാര്യക്ഷമമായ പ്രായോഗിക ഭരണമാണ് ലക്ഷ്യമിടുന്നതെന്ന് നഗരസഭ ചെയർമാൻ പറഞ്ഞു.

## ആന്ധ്രാപ്രദേശ് ജില്ലാപഞ്ചായത്ത് അംഗങ്ങൾ കിലയിൽ

**കേ**രളത്തിലെ പഞ്ചായത്ത് രാജ് സംവിധാനവും വികേന്ദ്രീകൃതാസൂത്രണവും പഠിക്കുന്നതിനു ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം ജില്ലാപഞ്ചായത്തംഗങ്ങൾ കില സന്ദർശിച്ചു. ജില്ലാപഞ്ചായത്ത് ചെയർപേഴ്സൺ ലാലം ഭവാനിയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ 40 ജനപ്രതിനിധികളുണ്ടായിരുന്നു. ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ ഡോ.സണ്ണി ജോർജ്, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. കെ.കെ.ബാബു സ്വാഗതമാശംസിച്ചു. ജില്ലാപഞ്ചായത്തംഗങ്ങൾ പുതുക്കാട് ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സന്ദർശിക്കുകയുണ്ടായി.

## അസി.ഡയറക്ടർമാർക്കു നൈപുണ്യ പരിശീലനം

**മൃ**ഗസംരക്ഷണവകുപ്പിലെ അസി.ഡയറക്ടർമാർക്കുള്ള രണ്ടു ദിവസത്തെ നൈപുണ്യ പരിശീലനം കിലയിൽ സംഘടിപ്പിച്ചു. പതിമൂന്നാം പദ്ധതി രൂപീകരണം, പ്രോജക്ട് നിർവഹണവും മോണിറ്ററിഗും, ജല്ലാപദ്ധതി രൂപീകരണത്തിൽ മൃഗസംരക്ഷണവകുപ്പു ഉദ്യോഗസ്ഥരുടെ പങ്ക്, നവകേരളമിഷൻ, ഫയൽ മാനേജ്മെന്റ്, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ.ജെ.ബി.രാജൻ, ഡോ.അമൃത, ഡോ.സാബു വർഗ്ഗീസ്, ജെലീഷ് പീറ്റർ, രാമനാഥപിള്ള, ശ്രീകാന്ത്, ഹാഷിം, ജോസഫ് ജോൺ, ജെ.നെൽസൺ തുടങ്ങിയവർ ക്ലാസ്സെടുത്തു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സംബന്ധിച്ചു.



ബാലസൗഹൃദ ജില്ലാപരിപാടിയുടെ മുഖ്യ പ്രോജക്ടായ ഡിസെബിലിററി റിസോഴ്സ് സെന്ററിന്റെ (ഡി.ഡി.ആർ.സി) സാങ്കേതിക ഉപദേശകസമിതി യോഗത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **ഷീല വിജയകുമാർ** സംസാരിക്കുന്നു

## ബാലസൗഹൃദജില്ല : പ്രോജക്ടിന്റെ രൂപരേഖയായി

**തൃ**ശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ബാലസൗഹൃദ ജില്ലാപരിപാടിയുടെ മുഖ്യ പ്രോജക്ടായ ഡിസെബിലിററി റിസോഴ്സ് സെന്ററിന്റെ (ഡി.ഡി.ആർ.സി) രൂപരേഖ, ഇതുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശക സമിതിയിൽ അവതരിപ്പിച്ചു. കിലയാണ് സാങ്കേതികസമിതിക്കു നേതൃത്വം നൽകുന്നത്. സമിതിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത ആരോഗ്യസർവകലാശാല വൈസ് ചാൻസിലർ ഡോ.എം.കെ.സി.നായർ റസോഴ്സ് സെന്ററിന്റെ പ്രവർത്തനരീതിയും ലക്ഷ്യവും എപ്രകാരമായിരിക്കണമെന്നു നിർദ്ദേശിച്ചു. സെന്ററിന്റെ പ്രവർനത്തിനു മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും കൂട്ടായ്മക്കുവേണ്ടി പ്രവർത്തിക്കുമെന്നു അദ്ധ്യക്ഷത വഹിച്ച ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ പറഞ്ഞു. ഓരോ കുട്ടിയുടേയും പ്രശ്നമെന്താണെന്നു തിട്ടപ്പെടുത്തലായിരിക്കണം സെന്ററിന്റെ ചുമതല.

കിലയിൽ ചേർന്ന സാങ്കേതികസമിതിയുടെ പ്രഥമ യോഗത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ജില്ലാപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ, ജില്ലാപ്ലാനിംഗ് ഓഫീസർ യു.ഗീത എന്നിവർ സംസാരിച്ചു.കില അസോ.പ്രൊഫ.ഡോ. പീറ്റർ എം.രാജ് സ്വാഗതമാശംസിച്ചു. ജില്ലതല വകുപ്പുമേധാവികളും യോഗത്തിൽ സംബന്ധിച്ചു.



ഹരിതകേരളം മിഷൻ മാലിന്യസംസ്കരണ കാമ്പയിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിൽ തദ്ദേശസ്വയംഭരണവകുപ്പു സ്പെഷൽ സെക്രട്ടറി **ഡോ.വി.കെ ബേബി** സംസാരിക്കുന്നു

## ദിനംപ്രതി 12,000 മെട്രിക് ടൺ മാലിന്യം പുറംതള്ളുന്നു

**സം**സ്ഥാനത്ത് ദിനംപ്രതി പന്തീരായിരത്തിനും പതിമൂവായിരത്തിനുമിടയിൽ മെട്രിക്ക് ടൺ മാലിന്യം പുറംതള്ളുന്നുണ്ടെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് തദ്ദേശസ്വയംഭരണവകുപ്പു സ്പെഷൽ സെക്രട്ടറി ഡോ.വി.കെ.ബേബി പറഞ്ഞു.

ഹരിതകേരളം മിഷൻ മാലിന്യസംസ്കരണ കാമ്പയിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാതെ വെറുതെ കുഴിച്ചുമൂടിയാൽ അതു പിന്നീട് നമുക്കുതന്നെ വിപത്തായി തീരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ശുചിത്വ മിഷൻ ഡയറക്ടർ എൽ.പി.ചിത്തർ സ്വാഗതമാശംസിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ, ശുചിത്വമിഷൻ എകസ്ക്യൂട്ടീവ് ഡയറക്ടർ ഡോ.മിത്ര റ്റി, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഹരിതകേരളം മിഷൻ സാങ്കേതിക ഉപദേഷ്ടാവ് ഡോ.അജയകുമാർ വർമ്മ എന്നിവർ സംസാരിച്ചു. വിവിധ തദ്ദേശസ്ഥാപനങ്ങളിലെ പ്രതിനിധികൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. മാലിന്യസംസ്കരണത്തിനായുള്ള വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിർവഹണ മാതൃകകൾ അവതരിപ്പിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷനുകൾക്കു പുറമെ പന്ത്രണ്ട് നഗരസഭകളും ഏഴു ഗ്രാമപഞ്ചായത്തുകളും പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തും തങ്ങളുടെ നിർവഹണ മാതൃകകൾ അവതരിപ്പിക്കുകയുണ്ടായി.

## ചോദ്യങ്ങൾക്കു മറുപടി

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിനു സർക്കാർ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

● ഉണ്ട്.30.6.2007 ൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉത്തരവുപ്രകാരം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നതു സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.സ.ഉ.(എം.എസ്)170/07 ത സ്വ ഭ വ.തീയതി.30.6.2007 നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ്ഗരേഖ കാണുക.

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വിട്ടുകിട്ടിയതും കാലപ്പഴക്കം ചെന്നതുമായ സ്കൂൾ കെട്ടിടങ്ങൾ ജീർണാവസ്ഥയിലാണെങ്കിൽ പൊളിച്ചുമാറ്റാൻ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്?

● ജീർണിച്ചതും കാലപ്പഴക്കം ചെന്നതുമായി കെട്ടിടങ്ങൾ പൊളിച്ചുമാറ്റാവുന്നതാണ്. ആ കെട്ടിടം പുതുക്കി പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തണം.പൊളിച്ചുമാറ്റേണ്ട കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എഞ്ചിനിയറിംഗ് വിഭാഗത്തെ നിയോഗിക്കണം.പൊളിച്ചുമാററുന്നതിനു മുമ്പു വിദ്യാഭ്യാസവകുപ്പിനെ രേഖാമൂലം അറിയിക്കണം. ചരിത്രപരമായ പ്രാധാന്യമുള്ള കെട്ടിടമാണെങ്കിൽ പൊളിച്ചുമാറ്റാൻ പാടില്ല. അവ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാനേ പാടുള്ളൂ. പൊളിച്ചുമാററുന്ന കെട്ടിടത്തിനു പകരം പൊളിക്കുന്ന കെട്ടിടത്തിന്റെ വലിപ്പത്തിലോ അതിനേക്കാൾ വലിപ്പത്തിലോ കെട്ടിടം പണിയണം. കെട്ടിടം പൊളിച്ചു മാറ്റുമ്പോൾ ലഭിക്കുന്ന വരുമാനം തദ്ദേശഭരണസ്ഥാപനത്തിന്റെ ഫണ്ടിൽ നിക്ഷേപിച്ചശേഷം ആ സ്ഥാപനത്തിന്റെ വികസനത്തിനു തന്നെ ഉപയോഗിക്കണം. കൂടുതൽ വിവരങ്ങൾക്കു 17.9.2008 ലെ 46951/ഡി.ബി.2/2008/ത.സ്വ.ഭ.വ.നമ്പർ സർക്കുലർ കാണുക.

? തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കീഴിലുള്ള ആശുപത്രികളിലും ഡിസ്പൻസറികളിലും ആവശ്യത്തിനു മരുന്നു ലഭിക്കാൻ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകിയിട്ട് ആറുമാസം കഴിഞ്ഞിട്ടും ലഭിക്കുന്നില്ല. എന്തുചെയ്യണം?

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ–0487 2455000**

● മരുന്നു ലഭിക്കാൻ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇന്റന്റു നൽകിയിട്ടും സമയത്തിനു ലഭിക്കുന്നില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിരമായി വങ്ങേണ്ട മരുന്നുകൾ കാരുണ്യ/ നീതി/ജൻഔഷധി തുടങ്ങിയ മെഡിക്കൽ സ്റ്റോറിൽനിന്നും വാങ്ങാവുന്നതാണ്.

? ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്യാമോ?

● ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ ചെയ്യാമെന്നു പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.അതുപ്രകാരം റോഡ് കോൺക്രീറ്റ് ചെയ്യാൻ പാടില്ല.മാർഗ്ഗരേഖ.സ.ഉ.(എം.എസ്)72/2017 തസ്വഭവ.തീയതി. 29.3.2017 ഖണ്ഡിക 13.8 കാണുക. കൂടാതെ 18.9.2017ൽ തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് ഡി.എ.1/672/2017 നമ്പറായി പുറത്തിറക്കിയിട്ടുള്ള സർക്കുലർ കാണുക.

? വീടുകൾക്കു ഓല മേയാൻ ധനസഹായം നൽകാമോ?

● തീരപ്രദേശങ്ങളിലുള്ള വീടുകൾക്കു ഓല മേയുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഏറ്റെടുക്കാവുന്നതാണ്. (സർക്കുലർ നമ്പർ ഡി.എ1/673/2017 തസ്വഭവ.തീയതി 23.9.17)

? പഞ്ചായത്തിലെ റോഡുപണികൾക്കുള്ള ടാർ (ബിറ്റുമിൻ) സിഡ്കോ വഴി വാങ്ങാൻ കഴിയുമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ റോഡുപണികൾക്കുള്ള ബിറ്റുമിൻ സിഡ്കോ വഴിയും വാങ്ങാവുന്നതാണ്.എന്നാൽ 23.8.2017 ലെ സ.ഉ. (സാധാ)2906/2017 ത സ്വ ഭ വ ഉത്തരവുപ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു വേണം ബിറ്റുമിൻ വാങ്ങാൻ.




ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ **ഡോ.വി.കെ രാമചന്ദ്രൻ** ഉദ്ഘാടനം ചെയ്യുന്നു

## ജില്ലാപദ്ധതികൾ ഡിസംബറിൽ സമർപ്പിക്കണം: ആസൂത്രണബോർഡ് വൈസ് ചെയർമാൻ

**ജില്ലാ**പദ്ധതികൾ ഡിസംബറിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ ഡോ.വി.കെ രാമചന്ദ്രൻ നിർദ്ദേശിച്ചു.ജില്ലാപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടേയും ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് അംഗങ്ങളുടേയും സംസ്ഥാനതല ശില്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യാഗവർമ്മെണ്ട് പഞ്ചവത്സര പദ്ധതി ഉപേക്ഷിച്ചുവെങ്കിലും സംസ്ഥാന സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ടു പോവുകയാണ്. സാമ്പത്തിക വികേന്ദ്രീകരണവും പങ്കാളിത്ത ആസൂത്രണവും കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. തദ്ദേശസ്ഥാപന ▶

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ചരക്ക് സേവനനികുതി(ജി.എസ്.ടി) രജിസ്ട്രേഷനും




ഉപഭോഗത്തെ അടിസ്ഥാനമാക്കി ഓരോപ്രദേശത്തേയും ആസ്പദമാക്കി ഇന്ത്യയിലാകമാനം നടപ്പാക്കിയ നികുതിയാണ് ചരക്ക് സേവനനികുതി(ജി.എസ്.ടി).ചരക്കുകളുടെ വിൽപ്പന, കടത്ത്, കൈമാറ്റം ലൈസൻസ്, പാട്ടത്തിനു നൽകൽ, കയ്യൊഴിക്കൽ എന്നിവയ്ക്കും സേവനങ്ങൾ നൽകുന്നതിനും കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും വ്യത്യസ്ത രീതിയിൽ ഈടാക്കിയിരുന്ന നികുതികൾ ഐക്യരൂപത്തിൽ കൊണ്ടുവരുന്നതിനു രാജ്യത്തൊട്ടാകെ ഒരേ രൂപത്തിൽ നടപ്പാക്കിയതാണ് ജി.എസ്.ടി അഥവാ ചരക്കുസേവന നികുതി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ച് ഭരണഘടനയുടെ 243(ജി)243 (ഡബ്ലിയു) എന്നീ ആർട്ടിക്കുകൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയുമായി ബന്ധപ്പെട്ടു നൽകുന്ന സേവനങ്ങൾക്കു ജി.എസ്.ടി.ബാധകമല്ല. കൂടാതെ പൊതുവായ കാര്യങ്ങളിൽ താഴെ പറയുന്നവയെ ജി.എസ്.ടിയിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. മനുഷ്യ ഉപയോഗത്തിനുള്ള മദ്യം, പെട്രോളിയം ഉൽപ്പന്നങ്ങളായ ക്രൂഡ് ഓയിൽ, മോട്ടോർ സ്പിരിറ്റ്, പെട്രോൾ, ഹൈസ്പീഡ് ഡീസൽ, പ്രകൃതി വാതകം, വിമാന ഇന്ധനം, വൈദ്യുതി എന്നിവയാണവ. ഇവയ്ക്കു നിലവിലുണ്ടായിരുന്നപോലെ വാറ്റ്, സെൻട്രൽ എക്സൈസ് നികുതി എന്നിവ തുടരുന്നതുമാണ്. കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയും സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതിയും ഒരുമിച്ചാണ് ജി.എസ്.ടി യായി ഈടാക്കേണ്ടത്. ചരക്കുസേവനനികുതി ചുമത്തുന്നതിനായി അതിൽ ഉൾപ്പെടുന്ന വ്യക്തികളും സ്ഥാപനങ്ങളും രജ്സേട്രേഷൻ എടുക്കേണ്ടത് ആവശ്യമാണ്.

**രജിസ്ട്രേഷൻ എടുക്കേണ്ട വിധം**

വർഷത്തിൽ ഇരുപതു ലക്ഷത്തിൽ കൂടുതൽ ടേൺ ഓവർ ഉള്ള വ്യക്തികളും സ്ഥാപനങ്ങളും നിർബന്ധമായും ജനറൽ രജിസ്ട്രേഷൻ എടുത്തിരിക്കണം. അല്ലാത്തവർക്കും നികുതി അടയ്ക്കുന്നതിനു രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ഇതു കൂടാതെ ടി.ഡി.എസ് രജിസ്ട്രേഷനും എടുത്തിരിക്കണം. ഏതൊരു ചരക്കു കൈമാറ്റത്തിനും സർവീസിനും 2.5 ലക്ഷത്തിൽ കൂടുതൽ വന്നാൽ ടി.ഡി.എസ് പിടിക്കേണ്ടതുണ്ട്. ആയതിനാൽ ടി.ഡി.എസ് രജിസ്ട്രേഷൻ അത്യാവശ്യമാണ്. രജിസ്ട്രേഷൻ എടുക്കേണ്ടതു ഓൺലൈൻ വഴിയാണ്. ആയതിനു www.gst.gov.in എന്ന വെബ്സൈറ്റിൽ GST REG-01 നമ്പർ ഫോറമെടുത്ത് പൂരിപ്പിച്ചു നൽകണം. അതിൽ പാർട്ട് എ പൂരിപ്പിച്ചുകഴിഞ്ഞാൽ പാർട്ട് ബി കിട്ടും. അതു പൂരിപ്പിച്ച് സബ്മിറ്റ് ചെയ്താൽ നോട്ട് ലഭിക്കും. അതിനനുസരിച്ച് ജി.എസ്.ടി. Reg.02 മുതൽ Reg.07 വരെയുള്ള ഫോറങ്ങളാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനും ലഭിക്കുന്നത്.

ഉപഭോഗത്തെ അടിസ്ഥാനമാക്കി ഓരോ പ്രദേശത്തേയും ആസ്പദമാക്കി ഇന്ത്യയിലാകമാനം നടപ്പാക്കിയ നികുതിയാണ് ചരക്ക് സേവനനികുതി(ജി.എസ്.ടി).ചരക്കുകളുടെ വിൽപ്പന, കടത്ത്, കൈമാറ്റം ലൈസൻസ്, പാട്ടത്തിനു നൽകൽ, കയ്യൊഴിക്കൽ എന്നിവയ്ക്കും സേവനങ്ങൾ നൽകുന്നതിനും കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും വ്യത്യസ്ത രീതിയിൽ ഈടാക്കിയിരുന്ന നികുതികൾ ഐക്യരൂപത്തിൽ കൊണ്ടുവരുന്നതിനു രാജ്യത്തൊട്ടാകെ ഒരേ രൂപത്തിൽ നടപ്പാക്കിയതാണ് ജി.എസ്.ടി അഥവാ ചരക്കുസേവന നികുതി.

അപേക്ഷ നൽകുന്നതിനൊപ്പം വ്യക്തികളാണെങ്കിൽ വ്യക്തികളുടെ പേരിലും സ്ഥാപനങ്ങളാണെങ്കിൽ സ്ഥാപനങ്ങളുടെ പേരിലും പാൻ നമ്പർ നൽകണം. തദ്ദേശസ്ഥാപനങ്ങൾ അവരുടെ ഒഫീഷ്യലായ പാൻ ആണ് നൽകേണ്ടത്. യാതൊരു കാരണവശാലും വ്യക്തിപരമായ പാൻ ഉപയോഗിക്കരുത്. ടി.ഡി.എസ് രജിസ്ട്രേഷനു ടാൻ നമ്പറും മൊബൈൽ ഫോൺ നമ്പറും നൽകണം. ഇക്കാര്യത്തിൽ സ്ഥാപനങ്ങളാണെങ്കിൽ ഔദ്യോഗിക മൊബൈൽ നമ്പറാണ് നൽകേണ്ടത്. കൂടാതെ ഫോട്ടോ, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വാറ്റ് രജിസ്ട്രേഷനുണ്ടെങ്കിൽ അതിന്റെ സാക്ഷ്യപത്ര പകർപ്പ്, കെട്ടിടത്തിന്റെ കരം അടച്ച രശീതോ ഇലക്ട്രിസിറ്റി ബില്ലിന്റെ പകർപ്പോ നൽകണം. ഓൺലൈൻ വഴി കൃത്യമായ എല്ലാ ഫോറങ്ങളും പൂരിപ്പിച്ചു നൽകുകയും മേൽ പറഞ്ഞ പ്രകാരമുള്ള രേഖകൾ നൽകുകയും ചെയ്താൽ രജിസ്ട്രേഷൻ ലഭിക്കും.രജിസ്ട്രേഷൻ ഉള്ളവർക്കു മാത്രമേ ജി.എസ്.ടി.പിടിക്കുവാൻ അർഹതയുണ്ടായിരുക്കുകയുള്ളൂ. നിയമവ്യവസ്ഥ അനുസരിച്ചുള്ള ശതമാനപ്രകാരമാണ് ജി.എസ്.ടി. പിടിച്ച് അടയ്ക്കേണ്ടത്. ഇരുപതു ലക്ഷത്തിൽ കൂടുതൽ ടേൺ ഓവർ ഉള്ള എല്ലാ വ്യക്തികളും സ്ഥാപനങ്ങളും നിർബന്ധമായും മേൽ പറഞ്ഞ പ്രകാരം ജനറൽ രജിസ്ട്രേഷൻ എടുത്തിരിക്കണം. എന്നാൽ മാത്രമേ അതതുമാസം ജി.എസ്.ടി. പിടിച്ച് അടയ്ക്കുവാൻ കഴിയുകയുള്ളൂ. നികുതി സ്വീകരിച്ച് അടയ്ക്കുന്ന എല്ലാവരും ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കേണ്ടതും ആവശ്യമാണ്. അപേക്ഷ ലഭിച്ചാൽ അപാകതകളൊന്നുമില്ലെങ്കിൽ മൂന്നുദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ ലഭിക്കുന്നതാണ്.

---

▶ ങ്ങൾ ജൂൺ 15 നു തന്നെ പദ്ധതികൾ സമർപ്പിച്ച് അംഗീകാരം നേടിയത് നല്ല തുടക്കമാണെന്നു അദ്ദേഹം പറഞ്ഞു.

ജില്ലാപദ്ധതികൾ ജനകീയാസൂത്രണ ചരിത്രത്തിലെ വഴിതിരിവാണെന്നു ആമുഖാവതരണം നടത്തിയ ആസൂത്രണബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ പറഞ്ഞു. എല്ലാ എജൻസികളുടേയും പദ്ധതികൾ ഏകോപിപ്പിക്കുമ്പോഴാണ് ജനകീയാസൂത്രണം പൂർണതയിലെത്തുന്നത്. വികസനപ്രവർത്തനങ്ങൾ വിശകലനം ചെയ്ത് താഴെ തട്ടിലേക്കും മുകൾതട്ടിലേക്കും നിർദ്ദേശങ്ങൽ നൽകൽ ജില്ലാപദ്ധതിയുടെ പ്രധാനഘടകങ്ങളിലൊന്നാണ്.

ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ ചെയർമാൻ വി.കെ.മധു അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമശംസിച്ചു. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം കെ.അർജുനൻ നന്ദി പറഞ്ഞു. ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരായ ഷീല വിജയകുമാർ(തൃശ്ശൂർ) അഡ്വ.കെ.ശാന്തകുമാരി (പാലക്കാട്), ടി.ഉഷാകുമാരി (വയനാട്). എ.ജി.സി ബഷീർ (കാസർകോട്), എ.പി. ഉണ്ണികൃഷ്ണൻ (മലപ്പുറം), ബാബു പറശ്ശേരി (കോഴിക്കോട്), കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, കോർഡിനേററർ ജി.കെ. സദനരാജൻ തുടങ്ങിയവർ സംബന്ധിച്ചു. ജില്ലാപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ എസ്.ആർ.ജി. അംഗം എസ്.ആർ.സനൽകുമാർ അവതരിപ്പിച്ചു. സംസ്ഥാന ആസൂത്രണബോർഡിന്റെ പ്ലാൻ കോർഡിനേഷൻ ഡിവിഷൻ ചീഫ് കെ.ജയ, ആസൂത്രണബോർഡിലെ എൻ.പ്രസന്നകുമാരി, എസ്.ആർ.ജി.കൺവീനർ വി.എസ്.ബിജു, ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്) ഷാജി ജോസഫ്, അട്ടപ്പാടി ഗോഡ്സ് ഫാം അസി.ഡയറക്ടർ ഡോ.റജിമോൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

# KERALA INSTITUTE OF LOCAL ADMINISTRATION

Mulamkunnathukavu (p.o)
Thrissur-680581

## പ്രാദേശിക പഠന ഗവേഷണ പരിപാടി

പ്രാദേശികഭരണവും വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രീയമായി പഠിക്കുവാനും ഗവേഷണം നടത്തുവാനും താല്പര്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കിലയിലേക്ക് ക്ഷണിക്കുന്നു. താല്പര്യമുള്ളവർ ബയോഡാറ്റ സഹിതം കിലയിലേക്ക് അപേക്ഷ അയ്ക്കുക. അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

- ഭാഷ, വിദ്യാഭ്യാസ യോഗ്യത എന്നിവ പ്രശ്നമല്ല. തദ്ദേശഭരണ സ്ഥാപനത്തിലെ/വകുപ്പിലെ ജനപ്രതിനിധിയോ ഉദ്യോഗസ്ഥനോ ആയിരിക്കണം.
- അനുബന്ധ/കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും അപേക്ഷിക്കാം.
- കവറിനു പുറത്ത് പ്രാദേശിക പഠന ഗവേഷണം എന്ന് എഴുതേണ്ടതാണ്.

## ആവശ്യാധിഷ്ഠിത പരിശീലനം-സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്രത്യേക സാഹചര്യവും പ്രശ്നങ്ങളും പരിഗണിച്ച് വ്യക്തമായ ലക്ഷ്യത്തിലൂന്നി കർമ്മോന്മുഖമായ പ്രത്യേക പരിശീലന പരിപാടികൾ ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ നൽകുവാൻ 'കില' തയ്യാറെടുക്കുന്നു. താല്പര്യമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ കിലയുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷാ ഫോറവും കില വെബ്സൈറ്റിൽ ലഭ്യമാണ്.

## കാര്യശേഷി വികസനത്തിനായി വിഷയവിദഗ്ദ്ധർ

അധികാരവികേന്ദ്രീകരണം സംബന്ധിച്ച കാര്യശേഷിവികസനപരിപാടികളുമായി ബന്ധപ്പെട്ടും, കേരളസർക്കാരിന്റെ നവകേരളകർമ്മപരിപാടിയുമായി ബന്ധപ്പെട്ട നാലു മിഷനുകളുടേയും കാര്യശേഷിവകസനം സംബന്ധിച്ച പരിശീലനങ്ങൾ കിലയെ ഏൽപ്പിച്ച സാഹചര്യത്തിൽ, വിഷയാടിസ്ഥിത പ്രവർത്തനോന്മുഖരായ കാര്യശേഷിവികസനത്തിന്, വിവിധ വിഷയങ്ങളെക്കുറിച്ച് സാങ്കേതിക പരിജ്ഞാനവും വൈദഗ്ദ്ധ്യവും ഉള്ള താൽപര്യമുള്ള വിദഗ്ദ്ധരുടെ സേവനം, ഓരോ വിഷയത്തിലും പരിശീലകരായും സാങ്കേതികസഹായം നൽകുന്നവരായും പ്രാദേശിക പഠനങ്ങൾ സംഘടിപ്പിക്കുന്നതിനും താൽപര്യമുള്ളവരിൽനിന്ന് ഒരു പാനൽ തയ്യാറാക്കുന്നതിനു പത്രപ്പരസ്യം നൽകിയും കില വെബ്സൈറ്റ് വഴി നോട്ടിഫിക്കേഷൻ നൽകിയും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണവകുപ്പിന്റെ ഭാഗമായുള്ള പഞ്ചായത്ത് ഡയറക്ടറേറ്റ്, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ് എന്നിവിടങ്ങളിൽനിന്നും അനുയോജ്യരായ റിസോഴ്സ് പേഴ്സൺമാരെയും ടീമിലുൾപ്പെടുത്താൻ കില തീരുമാനിച്ചിട്ടുണ്ട്.

## അധികാര വികേന്ദ്രീകരണവും പ്രാദേശികഭരണവും: സന്നദ്ധസംഘടനകൾക്കു പരിശീലനം

അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണവും സംബന്ധിച്ചു സന്നദ്ധസംഘടനകൾക്കുള്ള പരിശീലന പരിപാടിക്കു കില തുടക്കംകുറിക്കുകയാണ്. പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള സന്നദ്ധ സംഘടനകൾ കില വെബ് സൈറ്റിൽ നൽകിയിരിക്കുന്ന പെർഫോർമ പൂരിപ്പിച്ച് കിലയിലേക്കു അപേക്ഷിക്കുക.



KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**